# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1409 22.03.2013-ൽ മറുപടിയ്ക്ക്

## പി.ആർ.ഡി വഴി നൽകിയ പരസ്യങ്ങൾക്ക് ചെലവായ തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും, ആസൂത്രണവും, സാംസ്ക്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ പി.ആർ.ഡി വഴിയും അല്ലാതെയും സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ നൽകിയ എല്ലാ ഇനം പരസ്യങ്ങൾക്കുമായി എന്തു തുകയുടെ ബാധ്യത ഉണ്ടായിട്ടുണ്ടെന്ന് വിശദീകരിക്കാമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ പി.ആർ.ഡി വഴി എല്ലാ സർക്കാർ സ്ഥാപനങ്ങളും നൽകിയ പരസ്യങ്ങൾക്കായി അച്ചടി വിഭാഗത്തിൽ ഏകദേശം **78,28,39,093/-** രൂപയുടേയും ഇലക്ട്രോണിക് വിഭാഗത്തിൽ ഏകദേശം **10,41,76,061/-** രൂപയുടേയും ബാധ്യത ഉണ്ടായിട്ടുണ്ട്.അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പരസ്യം പി.ആർ.ഡി വഴിയാണ് റിലീസ് ചെയ്യുന്നതെങ്കിലും പരസ്യക്കൂലി അതത് സ്ഥാപനങ്ങൾ തന്നെ വഹിക്കുന്നതിനാൽ പരസ്യം നൽകുന്നയിനത്തിൽ സർക്കാറിന് ബാധ്യതയില്ല |
| (ബി) ഈ ഇനത്തിൽ എല്ലാ ഇനം മാധ്യമങ്ങൾക്കും കൂടി ഈ സർക്കാരിന്റെ കാലത്ത് ഇതിനകം കൊടുത്ത തുക എത്ര; കൊടുത്തു തീർക്കാൻ അവശേഷിക്കുന്ന തുക എത്ര; വിശദാംശം അറിയിക്കുമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പബ്ളിക് റിലേഷൻസ് വകുപ്പ് വഴി പരസ്യങ്ങൾക്ക് ചെലവഴിച്ച തുക തരം തിരിച്ച് ചുവടെ ചേർക്കുന്നു.<br>അച്ചടി മാധ്യമങ്ങൾ :- **48,88,79,457/-** രൂപ ഈ സർക്കാർ അധികാരമേറ്റ ശേഷം ചെലവഴിച്ചിട്ടുണ്ട്. ഇതിൽ **28,27,54,218/-**രൂപ മുൻ ഗവൺമെന്റിന്റെ കാലത്തെ കുടിശ്ശിക ഇനത്തിൽ ചെലവഴിച്ചിട്ടുള്ളതും, **20,61,25,239/-**രൂപ ഈ സർക്കാർ അധികാരമേറ്റ ശേഷം നൽകിയ പരസ്യങ്ങൾക്ക് വേണ്ടി ചെലവഴിച്ചിട്ടുള്ളതുമാണ്. |

<u>ദൃശ്യമാധ്യമങ്ങൾ :-</u>

10,07,54,889/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 1,52,29,000/- രൂപ മുൻവർഷങ്ങളിലെ കുടിശ്ശികയിനത്തിലും ബാക്കി തുകയായ 8,55,25,889/-രൂപ ഈ സർക്കാർ അധികാരമേറ്റ ശേഷമുള്ള പരസ്യയിനത്തിലും ചെലവഴിച്ചിട്ടുള്ളതാണ്. പ്രസ്തുത കാലയളവിൽ അച്ചടി വിഭാഗത്തിൽ ഏകദേശം 57,67,13,854/- രൂപയും ദൃശ്യമാധ്യമങ്ങൾക്ക് ഏകദേശം 1,86,50,172/-രൂപയും കൊടുത്തു തീർക്കാൻ അവശേഷിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**